**പ്രസിദ്ധീകരണത്തിന്**

## കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

## കെ.ഐ.ആർ.എഫ് റാങ്കിംഗ് ഡാറ്റ സമർപ്പണം ആരംഭിച്ചു

**തിരുവനന്തപുരം:** കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ രണ്ടാം പതിപ്പിനായുള്ള ഡാറ്റ സമർപ്പണം കേരള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ക്ഷണിക്കുന്നു. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ ഔദ്യോഗ പോർട്ടൽ (https//kirf.kshec.org) വഴി സ്ഥാപനങ്ങൾക്ക് നേരിട്ട് ഡാറ്റ സമർപ്പിക്കാവുന്നതാണ്.

റാങ്കിംഗിൽ ഉൾപ്പെടുന്നതിനു ഓൾ കേരള ഹയർ എഡ്യുക്കേഷൻ സർവേയിൽ (AKHES) പങ്കെടുക്കേണ്ടത് നിർബന്ധിത വ്യവസ്ഥയാണ്. സർവകലാശാലകൾ, കോളേജുകൾ, എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, മെഡിക്കൽ, ഡന്റൽ, ആർകിടെക്ചർ, ഫാർമസി, നഴ്സിംഗ്, നിയമം, ടീച്ചർ എഡ്യൂക്കേഷൻ, കാർഷികവും അനുബന്ധ മേഖലകൾ എന്നിങ്ങനെ വ്യത്യസ്ഥ വിഭാഗങ്ങളിലാണ് സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നത്.

കെ.ഐ.ആർ.എഫ് ഡാറ്റ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 നവംബർ 10 ആണ്.

ഇതു സംബന്ധിച്ച വിജ്ഞാപനം കൗൺസിൽ വെബ്സൈറ്റിൽ ലഭ്യമാണ് (www.kshec.kerala.gov.in)

**10/10/2025** **മെമ്പർ സെക്രട്ടറി**